(3) 2003-ലെ കേരള ജൈവ സാങ്കേതിക വിഭവ സംരക്ഷണ ബിൽ

(ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ നോട്ടീസ് നൽകിയത്)

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2003-ലെ കേരള ജൈവ സാങ്കേതിക വിഭവ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, നമ്മുടെ സംസ്ഥാനത്തിന്റെ ജൈവവൈവിധ്യം ലോകപ്രശസ്തമാണ്. അപൂർവ്വ സസ്യങ്ങളുടെ ആവാസഭൂമിയായ മനോഹരമായ വനപ്രദേശങ്ങളും കായലുകളും തോടുകളും കുളങ്ങളും കണ്ടൽക്കാടുകളും നീർച്ചാലുകളും ചോലവനങ്ങളും വേണ്ടത്രയുള്ള കേരളത്തിന്റെ ജൈവസമ്പത്ത് വേണ്ടത്ര കാര്യക്ഷമമായി പരിപാലിക്കപ്പെടുന്നില്ല, പ്രയോജനപ്പെടുത്തുന്നില്ല, എന്നിങ്ങനെ പരാതികൾ പലഭാഗത്തുനിന്നും പ്രത്യേകിച്ച് പ്രകൃതി സ്നേഹികളിൽനിന്നും നിരന്തരം ഉണ്ടാകുന്നുണ്ട്. അത്തരത്തിലുള്ള ചിന്തയോടുകൂടിയാണ് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പ്രതാപവർമ്മ തമ്പാൻ കേരള ജൈവ സാങ്കേതിക വിഭവ സംരക്ഷണ ബില്ലിന് നോട്ടീസ് നൽകിയിട്ടുള്ളത് എന്ന് ഞാൻ മനസ്സിലാക്കുന്നു. കേരളത്തിന്റെ ജൈവവൈവിധ്യത്തെ സംരക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ താൽപ്പര്യത്തെ ഞാൻ ആദരിക്കുന്നു. നമ്മുടെ രാജ്യത്തെ പരിരക്ഷിക്കുന്ന കാര്യത്തിൽ പാർലമെന്റ് ഇതിനകം തന്നെ ഒരു നിയമനിർമ്മാണം നടത്തിക്കഴിഞ്ഞിട്ടുണ്ട്. പാർലമെന്റിന്റെ ഇരുസഭകളും പാസ്സാക്കിക്കഴിഞ്ഞു. 2002-ലെ ബയോളജിക്കൽ ഡൈവേഴ്സിറ്റി ബില്ലിന് 2003 ഫെബ്രുവരി അഞ്ചിന് ഇൻഡ്യൻ പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. രാഷ്ട്രത്തിന്റെ ജൈവ വൈവിധ്യത്തിന്റെ പരിപാലനം, വികസനം, അവയുടെ ഗുണമേന്മ തുല്യമായി പങ്കുവെയ്ക്കൽ എന്നിങ്ങനെ എല്ലാ ഘടകങ്ങൾക്കും സവിശേഷമായ ഊന്നൽ നൽകി, സമഗ്രമായ ഒരു കേന്ദ്ര നിയമം നിലവിൽ വന്നുകഴിഞ്ഞു. ഈ നിയമത്തിൽ ഒരു ദേശീയതല ബയോളജിക്കൽ ഡൈവേഴ്സിറ്റി ബോർഡിനോടൊപ്പം സംസ്ഥാനതല ഡൈവേഴ്സിറ്റി ബോർഡ് രൂപീകരിക്കാനുള്ള വ്യവസ്ഥയുണ്ട്. അതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. പ്രസ്തുത നിയമത്തിൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അതിന്റെ കീഴിൽ ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത്തരം ഒരു പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ ഉദ്ദേശ്യം വളരെ ആദരിക്കപ്പെടേണ്ടതാണെങ്കിലും ഇങ്ങനെ ഒരു ബിൽ നമുക്ക് അംഗീകരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കേന്ദ്ര നിയമം ഉണ്ടെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറുന്നത് വളരെ കഷ്ടമാണ്. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ ആന്ധ്രാപ്രദേശിൽ ഇത് സംബന്ധിച്ച ബിൽ പാസ്സാക്കിക്കഴിഞ്ഞു. നമ്മൾ എപ്പോഴും വണ്ടിയുടെ പുറകിലാണ് കുതിരയെ കെട്ടുന്നത്. I.T., I.T. എന്നു പറഞ്ഞ് എന്തെല്ലാം കോലാഹലങ്ങളാണ് നടക്കുന്നത്. യഥാർത്ഥത്തിൽ അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും I.T.-യൊക്കെ പൂർണ്ണമായും പഴഞ്ചൻ ആയിക്കഴിഞ്ഞു. ഇന്ന് ലോകത്തെ വർത്തമാനകാലത്തെ ശാസ്ത്ര സാങ്കേതിക ജ്ഞാനത്തിന്റെ പുത്തൻ പരീക്ഷണശാലയെന്നുവെച്ചാൽ അത് Bio Technology രംഗമാണ്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലുമെല്ലാം I.T. കാലഹരണപ്പെട്ടുകഴിഞ്ഞു. നമ്മൾ ഇന്നും I.T.-യുടെ പുറകെ പോകുന്നു. I.T. നയം ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിച്ചെങ്കിൽ Bio Technology നയം രൂപീകരിക്കണ്ടേ? ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യാൻ നമ്മളെപ്പോലെയുള്ള ഒരു സംസ്ഥാനത്തിന് ഇതാവശ്യമാണ്. എനിക്ക് പറയാനുള്ളത് I.T.-യേക്കാൾ മുൻഗണന Bio Technology-ക്ക് നൽകണമെന്നാണ്. നമ്മുടെ ജൈവവിഭവങ്ങൾ (Bio Resources) നമുക്ക് സംരക്ഷിക്കപ്പെടണം. നമുക്ക് മാത്രമുള്ള, പരമ്പരാഗതമായുണ്ടായിരിക്കുന്ന തുമ്പ മുതൽ തുളസി വരെ, അഴകണ്ണി മുതൽ ആരോഗ്യപ്പച്ച വരെ, നാട്ടുമാവ് മുതൽ താന്നി വരെയുള്ള വൃക്ഷങ്ങൾ, ചക്കരക്കൊല്ലി മുതൽ ഗരുഡക്കൊടി വരെയുള്ള ലതകൾ, ശതാവരി മുതൽ അടപതിയൻ വരെയുള്ള കിഴങ്ങു വർഗ്ഗങ്ങൾ, കച്ചോലം മുതൽ കസ്തൂരി മഞ്ഞൾ വരെയുള്ള ഔഷധങ്ങൾ, ഞെരിഞ്ഞിൽ മുതൽ തൊട്ടാവാടി വരെയുള്ള ചെടികൾ, ചെത്തിക്കൊടുവേലി മുതൽ നറുനീണ്ടി വരെയുള്ള വേരുകൾ, കുറുന്തോട്ടി മുതൽ കൂവളം വരെയുള്ള വേരു വർഗ്ഗങ്ങൾ, ദർഭപ്പുല്ല് മുതൽ കറുകപ്പുല്ലു വരെയുള്ള ഔഷധ ഗുണമുള്ള സാധനങ്ങൾ, നീർബ്രഹ്മി മുതൽ കല്ലൂർ വഞ്ചി വരെയുള്ള പച്ച മരുന്നുകൾ, വയണ മുതൽ ചന്ദനം വരെയുള്ള ഗുണവും മണവും വർദ്ധിപ്പിക്കുന്നതായ സാധനങ്ങൾ, അതുപോലെ പഴങ്ങൾ, ചന്ദ്രക്കാരൻ മുതൽ കോട്ടൂർകോണം വരെയുള്ള മാങ്ങകൾ, കർപ്പൂര മാങ്ങ, ചെങ്കദളി, കൂമ്പില്ലാക്കണ്ണൻ മുതലായ വാഴകൾ, തനതായി വികസിപ്പിച്ചെടുത്ത പഴവർഗ്ഗങ്ങൾ, കേരളത്തിൽ ഏകദേശം 300-ഓളം ഇനം നെല്ലുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഏറ്റവും നല്ല മാങ്ങയാണ് കുറ്റിയാടൻ മാങ്ങ. അതുകൂടി ചേർക്കണം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കേരളത്തിന്റെ അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ പച്ചപ്പട്ടു വിരിച്ചിരിക്കുന്ന ഈ ഭൂമി മലയാളത്തിലുള്ള എല്ലാ സസ്യ ലതാദികളേയും മൃഗാദികളേയും സംരക്ഷിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് എന്റെ ഈ ബില്ല്. നെല്ല് ഗന്ധകശാല മുതൽ ജീരകശാല വരെ, ചെങ്കഴമ, തവളക്കണ്ണൻ, ചേറ്റാടി, കിഴങ്ങു വർഗ്ഗങ്ങൾ, അതുപോലെ തെങ്ങ് ഗൗരീഗാത്രം മുതൽ കോമാടൻ വരെ, കുരുമുളക് അഴിപിരിയൻ മുതൽ കൊറ്റനാടൻ വരെ, നീർവാള മുതൽ നായ്ക്കുരണ വരെ, അതുപോലെ മൽസ്യങ്ങൾ, മുരള് മുതൽ ആറ്റുവാള വരെ, കൈതക്കോര മുതൽ മാനത്തുകണ്ണി വരെ, അതുപോലെ ഓർക്കിഡ്, അവയെ ഇന്ന് വിദേശ മാർക്കറ്റിൽ വിൽക്കുന്ന ഒരു രംഗമാണ്. പട്ടുനൂൽ, അടുത്ത കാലത്ത് ഏറ്റവും കൂടുതൽ development ഉണ്ടായി എന്ന് അതിന്റെ ചെയർമാൻ പറയുകയുണ്ടായി. കുമിളുകൾ, വെരുകു മുതൽ മരമാക്രി വരെ, ഈനാംപേച്ചി ഇതെല്ലാം ഇവിടെ നിന്നും പോകുകയാണ്. വെച്ചൂർ പശു മുതൽ വരയാട് വരെ. അടുത്ത ദിവസം ഏഷ്യാനെറ്റ് ടെലിവിഷൻ ചാനലിൽ ഒരു കുള്ളൻ പശുവിനെ കാണിച്ചു. അത് ഇവിടത്തെ ഒരു Rare Breed ആണ്. ഇതിനെയെല്ലാം നമുക്ക് സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ എന്താണ് സംഭവിക്കുക? മലബാർ ആട്, ഗരുഡൻ പരുന്ത്, കാട്ടുമൈന, അപൂർവ്വ പച്ച മരുന്നുകൾ, ദേവതാരു, നീലക്കൊടുവേലി, പുരാണത്തിൽ ഹനുമാൻ പോയി ഗന്ധമാദന പർവ്വതത്തെ, മരുത്വാമലയെ പർവ്വതത്തോടെ പറിച്ചുകൊണ്ടുവന്ന് അവിടത്തെ പച്ചമരുന്നുകൾ മൃതസഞ്ജീവനി എന്ന മന്ത്രവും കൂടി ഓതിയിട്ട് കൊടുത്താൽ മരിച്ചവരെപ്പോലും ജീവിപ്പിക്കുന്ന ശക്തിയുണ്ടായിരുന്നു. നമ്മൾ എന്തിനെല്ലാം വാരിക്കോരി എറിഞ്ഞിട്ടും ഇതിനെയൊന്നും സംരക്ഷിക്കാൻ തയ്യാറാകുന്നില്ല. ഇതിനെയെല്ലാം സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ ബില്ല് അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇവിടെ ഈനാംപേച്ചി, മരപ്പട്ടി തുടങ്ങിയ നിരവധി ജീവികളുടെ പേര് പറഞ്ഞു. ആ സ്വഭാവമുള്ള പലരും ഈ സഭയിൽ വന്നതു കൊണ്ടാണ് അവയ്ക്ക് നാശമുണ്ടായതെന്ന കാര്യം അങ്ങേക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഈ അപൂർവ്വം മരുന്നുകളെല്ലാം സംരക്ഷിക്കണം. എനിക്ക് പറയാനുള്ളത് ഈ രംഗത്ത് സംഭവിച്ചുകൊണ്ടിരിക്കുന്ന Bio Piracy (ജനിതക മോഷണം)-യെക്കുറിച്ചാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഒരുപാട് നീണ്ട ഒരു ലിസ്റ്റ് അങ്ങിവിടെ വായിച്ചു. അതിന്റെ കോപ്പി ഞങ്ങൾക്ക് തരണം. അത് പഠിക്കാനുള്ളതാണ്. അങ്ങ് ഇവിടെ കുടമ്പുളിയെക്കുറിച്ച് പറഞ്ഞില്ല. കാർഷിക സർവ്വകലാശാലയുടെ ഏറ്റവും പ്രധാനപ്പെട്ട ഗവേഷണ കേന്ദ്രം, കോട്ടയം നിയോജകമണ്ഡലത്തിലെ കുമരകത്ത് വേമ്പനാട് കായലിനോട് ചേർന്നു കിടക്കുന്ന 118 ഏക്കർ ഭൂമി, അത് വളരെ ജൈവ സമ്പത്തുള്ള ഭൂമിയാണ്. 250 variety കുടമ്പുളി അവിടെയുണ്ട്. അത് സംരക്ഷിക്കണമെന്നുള്ള ഒരു വ്യവസ്ഥ ഇതിൽ വരണം. ആ സ്ഥലത്തുനിന്നും താജ് ഹോട്ടൽ 10 ഏക്കർ സ്ഥലം എടുക്കാൻ പോകുകയാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കന്യാകുമാരിയിൽ ഗവേഷണം നടത്തുന്ന എന്റെ മണ്ഡലത്തിലെ ഡോക്ടർ കമലാസനൻ പിള്ളയുടേയും മറ്റും നേതൃത്വത്തിലാണ് അസോള കണ്ടുപിടിച്ചത്. അസോള ഇന്ന് ഏറ്റവും വലിയ ജൈവവളമായി മാറിയിരിക്കുകയാണ്. കന്നുകാലികൾക്കും കോഴികൾക്കും മറ്റും കൊടുക്കാം. ഞാൻ അടുത്ത കാലത്ത് ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്തിൽ ജൈവവളം ഉപയോഗിച്ച് കൃഷിചെയ്ത പച്ചക്കറികൾ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നത് കണ്ടു. ഞാൻ കുറച്ച് വാങ്ങിക്കൊണ്ടുവന്നു. നമ്മൾ ഇവിടെ കൊക്കക്കോള വളത്തെക്കുറിച്ചാണ് ചർച്ച ചെയ്യുന്നത്. ഇവിടെ എന്തെല്ലാം തരത്തിലുള്ള വളം ഉണ്ടാക്കാം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് പകരം, ജനിതക മോഷണം (Bio Piracy) നമ്മുടെ നാട്ടിലെ ഏറ്റവും വിലപ്പെട്ടതും കടത്തിക്കൊണ്ടുപോകാൻ കഴിയുന്നതുമായ ഉൽപ്പന്നങ്ങൾ ബഹുരാഷ്ട്ര കുത്തകകൾ കടത്തിക്കൊണ്ടുപോയി പെട്ടെന്ന് വാണിജ്യ വൽക്കരിക്കുന്നു. അടുത്ത കാലത്തായി ഇതിന്റെയൊക്കെ Patency right വിദേശ രാജ്യങ്ങൾ കരസ്ഥമാക്കുകയാണ്. ഏറ്റവും അടുത്ത കാലത്തായി ഒരു സംഭവമുണ്ടായി. ലണ്ടനിലെ Kew മ്യൂസിയത്തിൽ ഒരു മുള പ്രദർശിപ്പിച്ചിട്ടുണ്ട്. അത് കേരളത്തിലെ ഏറ്റവും rarest മുള യാണെന്ന് അവിടെ എഴുതിവെച്ചിട്ടുണ്ട്. എന്നാൽ ആ മുള ഇന്ന് നമ്മുടെ നാട്ടിലെ കാട്ടിലില്ല. അത് അന്യം നിന്നു. ഇതിനെയാണ് Bio Piracy (ജനിതക മോഷണം) എന്നു പറയുന്നത്. അതുവഴി വിദേശ രാജ്യങ്ങൾ വളരെ പെട്ടെന്ന് നമ്മുടെ ജൈവവൈവിധ്യത്തെ കടത്തി ക്കൊണ്ടുപോകുന്നു. ശരിയായ ഒരു രൂപരേഖ, ഇതിനുവേണ്ടി ഒരു Bio Geography നമ്മൾ തയ്യാറാക്കണം. അതിന്റെ Bio informatics പൂർത്തീകരിച്ചില്ലെങ്കിൽ അടുത്ത ഭാവിയിൽ നമ്മുടെ പല അമൂല്യ ജീവികളേയും ബഹുരാഷ്ട്ര കുത്തകകൾ കൊണ്ടുപോകുകയും നാം അവരുടെ കൈയിൽനിന്നും വലിയ വില കൊടുത്ത് ഇത് വാങ്ങേണ്ടി വരികയും ചെയ്യും. നമുക്ക് അതിന് വൻവിലയും Royalty-യും കൊടുത്തെങ്കിൽ മാത്രമേ അവയെ ഒന്നു കാണാൻ പോലും പറ്റുകയുള്ളൂ. അങ്ങനെയുള്ള സ്ഥിതിയിൽ എത്തിച്ചേരാതിരിക്കണമെങ്കിൽ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ചന്ദ്രബാബു നായിഡു കാണിക്കുന്ന അതിവിശാലമായ മനസ്സ് നമുക്കുണ്ടായേ മതിയാകൂ. അതിനുവേണ്ടി മന്ത്രിതല നീക്കം മാത്രം പോരാ, ഈ നിയമ സഭയെ മുഴുവനും ബോധവൽക്കരിക്കണമെന്നാണ് എന്റെ അഭിപ്രായം. അതിനുകൂടി വേണ്ടി യിട്ടാണ് ഞാൻ ഈ ബില്ല് അവതരിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, ബഹുമാനപ്പെട്ട പ്രതാപവർമ്മ തമ്പാൻ നല്ലവണ്ണം കഠിനാദ്ധ്വാനം ചെയ്ത് മാതൃകാപരമായ ഹോംവർക്കിലൂടെ ഇവിടെ എല്ലാ കാര്യങ്ങളും ഗംഭീരമായിട്ട് പറഞ്ഞു. ക്രൂരമായ മറുപടിയാണ് ബന്ധപ്പെട്ട മന്ത്രി കൊടുത്തത്. 11 A.M.] കേന്ദ്രത്തിൽ ഒരു ബിൽ കൊണ്ടുവരാൻ പോകുന്നതുകൊണ്ട് ഈ ബിൽ പരിഗണിച്ചുകൂടാ എന്ന് അദ്ദേഹം ആദ്യം പറയുകയുണ്ടായി. 1994-ൽ കിർത്താഡ്സിന്റെ ആഭിമുഖ്യത്തിൽ ആദിവാസി ബൗദ്ധിക സ്വത്തവകാശ പരിരക്ഷ ബില്ലിന്റെ കരട് അന്നത്തെ യു.ഡി.എഫ്. ഗവൺമെന്റിനെ ഏൽപ്പിച്ചിരുന്നു. ഇപ്പോഴും ഗവൺമെന്റിന്റെ ഏതോ ഒരു ഫയലിനകത്ത് അനേക വർഷങ്ങളിലെ ഗവേഷണഫലം കൊണ്ട് രൂപം കൊടുത്ത ആ കരട് ബിൽ പൊടിപിടിച്ചിരുന്ന് ഉറങ്ങുന്നുണ്ട്. പ്രിയപ്പെട്ട പ്രതാപവർമ്മ തമ്പാൻ ആ ബില്ലിനെപ്പറ്റി അന്വേഷിക്കാനും അത് പൊടിതട്ടി പുറത്തെടുത്ത് പ്രവർത്തികമാക്കാനും പറഞ്ഞാൽ ഈ ബയോപൈറസിയുടെ വിപത്തിൽനിന്ന് രക്ഷിക്കാൻ വേണ്ട ചെറിയ ഒരു സഹായമായിരിക്കും.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഇത് ഭരണകക്ഷി പ്രതിപക്ഷ കാര്യങ്ങൾ വിലയിരുത്താനുള്ള വേദിയല്ല. നിങ്ങളും 5 വർഷം ഇവിടെ ഭരിച്ചതാണ്. നിങ്ങൾക്കും ഇതൊക്കെ ആരംഭിക്കാൻ കഴിയുമായിരുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ക്രൂരമായ മറുപടി പറഞ്ഞുവെന്നാണ്. അങ്ങനെ അല്ല. കേന്ദ്രം പാസ്സാക്കി ലോകസഭയും രാജ്യസഭയും പാസ്സാക്കി പ്രസിഡന്റിന്റെ അസ്സെന്റ് കിട്ടിയ കാര്യമാണ് പറഞ്ഞത്. എന്നാൽ ഇതിനെ സംബന്ധിച്ച് കേരളാ ഗവൺമെന്റ് വളരെ വ്യക്തമായിട്ടുള്ള, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു വരുന്ന കാര്യങ്ങൾ ഐ.സി.എ.ആർ.-ന്റെ മുൻ ചെയർമാൻ ഡോക്ടർ ചോപ്രയുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഉണ്ടാക്കി ഐ.റ്റി.-യും ബയോടെക്നോളജി വികസനത്തെയും സംബന്ധിച്ച് ഏതൊക്കെ രംഗങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്താം എന്നതിനെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചു കഴിഞ്ഞു. ടിഷ്യൂ കൾച്ചർ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നേട്ടങ്ങൾ എടുക്കാൻ പോവുകയാണ്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് ബയോ ടെക്നോളജി രംഗത്ത് സമഗ്രമായ മാറ്റങ്ങൾ വരുത്താനുള്ള പദ്ധതി—സയൻസ് ആന്റ് ടെക്നോളജി—നമ്മുടെ കമ്മിറ്റി തന്നെ അതിന്റെ പരിപാടികൾ എടുക്കുന്നുണ്ട്. അതുകൊണ്ട് ഇതിന് ക്രൂരമായ മറുപടി പറഞ്ഞ് അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തിയതല്ല. ഒരു കേന്ദ്രനിയമം വന്നുകഴിഞ്ഞാൽ അതിനെ സംബന്ധിച്ച് അതിന്റെ ചുവടു പിടിച്ചുള്ള പ്രവർത്തനമാണ് നമ്മൾ നടത്തേണ്ടത്. അതുകൊണ്ട് ഇങ്ങനെയൊരു ബില്ലിന് പ്രസക്തിയില്ല എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: മന്ത്രിയുടെ അഭിപ്രയം പൂർണ്ണമായും ശരിയല്ല. സംസ്ഥാനത്ത് നമുക്കുള്ള ജൈവവൈവിധ്യങ്ങൾ മറ്റ് പല സംസ്ഥാനങ്ങളിലും ഇല്ല. നമുക്കുള്ളതുപോലെ ഇത്തരത്തിലുള്ള അനുഗ്രഹീതമായ....."ദൈവത്തിന്റെ സ്വന്തംനാട്" എന്നൊക്കെ പറയുന്നത് ഇതുകൊണ്ട് തന്നെയാണ്. ഇത് നമ്മൾ സംരക്ഷിക്കുന്നില്ല. അതിനുവേണ്ടി എനിക്ക് സൂചിപ്പിക്കാനുള്ളത്, ഒരു സംസ്ഥാന നിയമം വേണം. ആ സംസ്ഥാന നിയമത്തെ പ്രാവർത്തികമാക്കാൻ സ്കൂളുകളിലൊക്കെ ഇക്കോ ഫ്രണ്ട്ലി ക്ലബ്ബുകൾ വേണം. കൊച്ചു കുഞ്ഞുങ്ങൾക്ക് പൊടിപ്രായം മുതൽ ഇത് സംരക്ഷിക്കേണ്ടതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യകതയെക്കുറിച്ച് ബോധം വേണം. എനിക്ക് പറയാനുള്ളത്, 2000 ജൂൺ 12-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നൽകിയ മറുപടിയിൽ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിച്ചുള്ള ഒരു റിസോഴ്സ് സെന്റർ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി സ്ഥാപിച്ചിട്ടുണ്ടെന്നാണ് അദ്ദേഹം അതു സംബന്ധിച്ച് പ്രസ്താവിച്ചിട്ടുള്ളത്. പക്ഷേ ഇത് വികസിപ്പിക്കുന്നതിന് വേണ്ടി ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഔഷധ സസ്യങ്ങളും വിത്തിനങ്ങളും സംരക്ഷിക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി നിരന്തരം ബന്ധം പുലർത്താൻ ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ കേന്ദ്ര ഗവൺമെന്റിന്റെ ബയോടെക്നോളജി ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**Mr. Deputy Speaker**: Are you concluding today?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഇന്ന് കൺക്ലൂഡ് ചെയ്യുന്നില്ല.

**Mr. Deputy Speaker**: You can continue next day.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: എനിക്ക് പറയാനുള്ളത്, ശ്രീ. ശങ്കരനാരായണന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് 18, പാരാ 52-ൽ ജൈവ സാങ്കേതിക വിദ്യയെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അതിൽ ബയോ ടെക്നോളജി പാർക്ക് സ്ഥാപിക്കാനുള്ള പണി 2003-04-ൽ പൂർത്തിയാകുമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. അതിനെ സംബന്ധിച്ച് കുറച്ചുകൂടി ഗൗരവത്തിൽ നമ്മൾ കണക്കിലെടുക്കണം. നമുക്ക് പണമില്ലെന്നൊക്കെ പറഞ്ഞാലും ഇതൊക്കെ ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നെ തിരിച്ചു കിട്ടില്ല എന്നുള്ള യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളുവാൻ നാം തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

**Mr. Deputy Speaker**: You can continue next day. Please resume your seat. 1952-നു മുൻപ് ജൈവ വളം ഉപയോഗിച്ചാണ് കേരളത്തിലെ കർഷകരെല്ലാം കൃഷി ചെയ്തു കൊണ്ടിരുന്നത്. അമേരിക്കൻ സായിപ്പ് വന്നാണ് രാസവളം ഇറക്കിയത്. ശ്രീ. വി. ബാലറാം, അങ്ങേക്ക് അങ്ങയുടെ പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(ചർച്ച തുടരും)

(4) 2003-ലെ കേരള തരിശുഭൂമിയും പഴനിലങ്ങളും കൃഷിക്ക് വിധേയമാക്കൽ ബിൽ

(ശ്രീ. വി. ബാലറാം നോട്ടീസ് നൽകിയത്)

ശ്രീ. വി. ബാലറാം: സർ, 2003-ലെ കേരള തരിശുഭൂമിയും പഴനിലങ്ങളും കൃഷിക്ക് വിധേയമാക്കൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): കേരളം ഒരു കാർഷിക സമ്പദ്വ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള സംസ്ഥാനമാണ്. എന്നാൽ ഇന്ന് നാണ്യ വിളകളോടാണ് കൂടുതൽ ആഭിമുഖ്യം പുലർത്തുന്നത്. മാത്രവുമല്ല പലവിധ കാരണങ്ങളാൽ കാർഷിക വൃത്തിയോടുള്ള താൽപ്പര്യം കുറഞ്ഞുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly